## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- പുനർ വിന്യാസം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1-107275/17/ആ.വ.ഡ തീയതി 20.12.2017
2. കത്ത് നം. സി -663/2017/എ.വി.സി എച്ച്.ഡബ്ല്യു.സി പൂജപ്പുര തിരുവനന്തപുരം തീയതി 10.01.2018

**ഉത്തരവ് നം. ഇ.എ1-107275/17/ആ.വ.ഡ തീയതി 16.07.2018**

പരാമർശം (1) പ്രകാരം, തിരുവനന്തപുരം പൂജപ്പുര ആയുർവ്വേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. ഗീത വേണുഗോപാലിനെ തിരുവനന്തപുരം പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് പുനർ വിന്യസിച്ച് ഉത്തരവായിരുന്നു.

തിരുവനന്തപുരം പൂജപ്പുര ആയുർവ്വേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ലേബർ റൂം ഉൾപ്പെടെ ഗൈനക്കോളജി വിഭാഗം പ്രവർത്തന സജ്ജമായതിനാൽ ഡോ. ഗീത വേണുഗോപാലിന്റെ തിരുവനന്തപുരം പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കുള്ള പുനർ വിന്യാസം റദ്ദ് ചെയ്ത് ഉത്തരവാകണമെന്ന് പരാമർശം (1) പ്രകാരം പ്രസ്തുത ആശുപത്രി സൂപ്രണ്ട് അഭ്യർത്ഥിച്ചിരിക്കുന്നു.

ആയതിനാൽ ഡോ. ഗീത വേണുഗോപാലിനെ തിരുവനന്തപുരം പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് പുനർ വിന്യസിച്ച നടപടി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

തിരുവനന്തപുരം പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ട്, ഡോ. ഗീത വേണുഗോപാലിനെ എത്രയും പെട്ടെന്ന് വിടുതൽ ചെയ്യേണ്ടതാണ്.

പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ഗീത വേണുഗോപാൽ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി പാറശ്ശാല/ ആയുർവ്വേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//
സീനിയർ സൂപ്രണ്ട്